**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 64** **30-06-2022 - ൽ മറുപടിയ്ക്ക്**

**അന്തിപ്പച്ചയിലെ ക്രമക്കേടിൽ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യഫെഡ് ആരംഭിച്ച മൊബൈൽ മീൻ വിപണന സംവിധാനമായ അന്തിപ്പച്ചയിൽ സാമ്പത്തിക ക്രമ ക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. മത്സ്യഫെഡ് കൊല്ലം കോമൺ പ്രീ പ്രോസ്സസിംഗ് സെന്റർ (സി.പി.സി.) ൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/ ഫിഷറീസ് ഡയറക്ടർ നടത്തിയ പ്രാഥമികാന്വേഷണ റിപ്പോർട്ട് പ്രകാരം ടി സെന്ററിലെ കരാർ ജീവനക്കാരനും അക്കൗണ്ടന്റുമായിരുന്ന ശ്രീ.എം.മഹേഷ്, അന്തിപ്പച്ച യൂണിറ്റുകളിൽ നിന്നും മത്സ്യം വിറ്റ വകയിൽ ലഭിക്കുന്ന ഡെയിലി സെയിൽസ് റിപ്പോർട്ട് പ്രകാരമുള്ള യഥാർത്ഥ തുക മറച്ചുവെച്ച് വളരെ കുറഞ്ഞ തുക മാത്രം കാഷ് ബുക്കിലും ടാലി സിസ്റ്റത്തിലും രേഖപ്പെടുത്തുകയും ഇപ്രകാരം രേഖപ്പെടുത്തിയ തുക മാത്രം ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തുകൊണ്ട് 92,94,081/- രൂപയുടെ ക്രമക്കേട് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച പ്രാഥമികാന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. കോമൺ പ്രീ-പ്രോസസിംഗ് സെന്ററിലെ അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന താത്കാലിക ജീവനക്കാരനായിരുന്ന ശ്രീ.എം. മഹേഷിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും സ്ഥിരം ജീവനക്കാരനായ ജൂനിയർ അസിസ്റ്റന്റ് ശ്രീ. കെ. അനിമോനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. കൂടാതെ കരാർ ജീവനക്കാരനായ ശ്രീ. സി. മണിയപ്പനെ കരാർ കാലാവധി 31/5/2022-ന് അവസാനിച്ച മുറയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല കോമൺ പ്രീ പ്രോസ്സസിംഗ് സെന്റർ (സി.പി.സി) യുടെ മാനേജർ ചുമതല വഹിച്ചിരുന്ന ശ്രീമതി. ലിസി അഗസ്റ്റിനെ |

| | | | |
|---|---|---|---|
| | | | സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ശ്രീമതി. നീതു. പി.എസ്, പ്രോജക്റ്റ് ഓഫീസർ (കരാർ), ശ്രീ. സഞ്ജയ് ഖാൻ, ഡെവലപ്മെന്റ് ഓഫീസർ (കരാർ), ശ്രീ. എസ്. അനീഷ്, പ്രോജക്റ്റ് ഓഫീസർ (ദിവസവേതനം) എന്നിവരെ സർവ്വീസിൽ നിന്ന് പിരിച്ചു വിടുകയും നിലവിലെ ജില്ലാ മാനേജർ ഡോ.എം.നൗഷാദിനോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിനും ശുപാർശ ചെയ്തിട്ടുമുണ്ട്. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | അന്തിപ്പച്ച യൂണിറ്റുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും, സാമ്പത്തിക ഇടപാടുകൾ കാര്യക്ഷമമാക്കുന്നതിനും ഒരു മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കി വരുന്നു. ഇന്റേണൽ ഓഡിറ്റ് വിഭാഗം സമയബന്ധിതമായി കണക്കുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സ്ഥിരം ജീവനക്കാരെ കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് നിയമിച്ചിട്ടുണ്ട്. കൃത്യമായ അവലോകന യോഗങ്ങൾ ചേരുവാനും വരവ് ചെലവ് കണക്കുകളും ബാങ്ക് ഇടപാടുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും അതാത് മാസം സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തിക ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം കാരണക്കാരാകുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ